കളമശ്ശേരി എൻ. എച്ച്.-ൽ നിന്നും ആരംഭിച്ച് ടി. സി. സി., ഫാക്ട്, ചേരനെല്ലൂർ, കോത്താട്, മൂലംപിള്ളി, മുളവുംകാട്, ബോൾഗാട്ടി പ്രദേശത്തുകൂടി പോകുന്ന ഏകദേശം 17 കി. മീറ്റർ നീളമുള്ള ഫോർലൈൻ എൻ. എച്ച്. കണക്ടിവിറ്റി റോഡിനുവേണ്ടിയുള്ള ശുപാർശയുടെ ഒരു അലൈൻമെന്റിന്റെ സർവേ റിപ്പോർട്ട് പൂർത്തീകരിച്ചുവരുന്നുണ്ട്.

കൊച്ചി തുറമുഖത്തെ സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം

98 [1641] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ള സ്റ്റോറേജ് ടാങ്കുകളിൽ ഒരെണ്ണം അടുത്ത കാലത്ത് തകർന്നു വീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) കൊച്ചി തുറമുഖത്ത് സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. കൊച്ചി തുറമുഖം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ വരുന്നില്ല. 19-6-2005-ൽ ഉണ്ടായ അപകടത്തെ തുടർന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ആരംഭിക്കുകയും ഇൻഡ്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗിനെ സേഫ്റ്റി ആഡിറ്റ് നടത്തുന്നതിന് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻകരുതൽ നടപടികൾ കൈക്കൊള്ളുന്നതിനും രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് ശുപാർശ ചെയ്യുന്ന സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്.

പി. എസ്. സി. പരീക്ഷ ഉത്തരക്കടലാസിന്റെ കോപ്പി ലഭ്യമാക്കാൻ നടപടി

99 [1642] *ശ്രീ കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച് തൊഴിൽരഹിതർക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly